## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1610 — 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

### എച്ച്.എം.സി ലബോറട്ടറികളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ ആശുപത്രികളിലായി എത്ര എച്ച്.എം.സി കൾ ലബോറട്ടറി പ്രവർത്തനങ്ങൾ നടത്തി വരുന്നു എന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ ആരോഗ്യ വകുപ്പ് എന്തെല്ലാം നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നൽകി വരുന്നു എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഒട്ടാകെ 216 എച്ച്.എം.സി.കൾ ലബോറട്ടറി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ടി ലബോറട്ടറികളുടെ നിയന്ത്രണം അതാത് സ്ഥാപനങ്ങളിലെ എച്ച്.എം.സി.കൾക്കാണ്. |
| (ബി) | ഇത്തരത്തിൽ പ്രവർത്തിക്കുന്ന എച്ച്.എം.സി ലബോറട്ടറികൾ വിവിധ പരിശോധനകൾക്ക് അവരുടെ തീരുമാന പ്രകാരമുള്ള ഫീസുകൾ (അമിത ഫീസ്) ഈടാക്കുന്നത് പരിശോധിച്ച് ഒരു ഏകീകൃത ഫീസ് ഘടന ഏർപ്പെടുത്തുന്നത് സർക്കാർ പരിഗണിയ്ക്കുമോ; | (ബി) | ഈ വിഷയം സംബന്ധിച്ചുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സേഫ് കേരള പദ്ധതി - 2014 മുതൽ ഓരോ വർഷവും ആരോഗ്യ വകുപ്പ് സംസ്ഥാന ലബോറട്ടറികളിൽ എത്ര എണ്ണത്തിൽ പരിശോധന നടത്തി എന്നും ഇതിലൂടെ കണ്ടെത്തിയ ക്രമക്കേടുകൾ നടന്ന ലബോറട്ടറികൾ എത്ര എന്നും എത്ര എണ്ണം അടച്ചു പൂട്ടി എന്നും അടച്ചു പൂട്ടിയവയിൽ മറ്റു പേരിൽ ഇന്നും തുറന്നുപ്രവർത്തിക്കുന്നവ എത്ര എന്നും വ്യക്തമാക്കുമോ? | (സി) | 2014 സേഫ് കേരള പദ്ധതിയുടെ ഭാഗമായി 2825 ലാബുകൾ പരിശോധിച്ചു. 120 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അവ അടച്ചു പൂട്ടുകയുണ്ടായി.<br>2015 സേഫ് കേരള പദ്ധതിയുടെ ഭാഗമായി 2006 ലാബുകൾ പരിശോധിച്ചു. 53 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് അവ അടച്ചു പൂട്ടുകയുണ്ടായി.<br>2016 സേഫ് കേരള പദ്ധതിയുടെ ഭാഗമായി ലാബ് പരിശോധനകൾ നടന്നിട്ടില്ല.<br>അടച്ചു പൂട്ടിയ ലബോറട്ടറികൾ മറ്റു പേരുകളിൽ തുറന്ന് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ